"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

**(കേരള സംസ്ഥാനം)**

KSHB Building,ശാന്തി നഗർ, തിരുവനന്തപുരം-1.

## ജോയിന്റ് ഡയറക്ടറുടെ നടപടിക്രമം

**(നിലവിൽ: സുനിൽ ജേക്കബ്)**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- ജീവനക്കാര്യം - ഡി.റ്റി.പി.ഒ ട്രേഡിൽ വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിൽ നിന്നും ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ ഉദ്യോഗക്കയറ്റം നൽകി നിയമിച്ച് - ഉത്തരവാകുന്നു.

സൂചന:- 1) 29.11.1971 ലെ 408/71 പി.ഡി നമ്പരായ സർക്കാർ വിജ്ഞാപനം.

2) 24.4.2008 ലെ 19855/സി1/08 തൊഴിൽ നമ്പർ സർക്കാർ കത്ത്.

3) ജോയിന്റ് ഡയറക്ടറുടെ 11.8.2011 തീയതിയിലെ എ6/22440/11 നമ്പരായ ഉത്തരവ്

4) 19.05.2007 ലെ സ. ഉ (സാധാ) 9388/07 തൊഴിൽ സർക്കാർ ഉത്തരവ്.

**ഉത്തരവ് നമ്പർ: എ2/20856/13 തീയതി: 16.02.2015**

പരാമർശം (1) ലെ സർക്കാർ വിജ്ഞാപന പ്രകാരം വ്യാവസായിക പരിശീലനവകുപ്പിൽ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകൾ 3:1 എന്ന അനുപാതത്തിൽ യഥാക്രമം പി.എസ്.സി മുഖാന്തിരവും വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിൽ നിന്നുള്ള സ്ഥാനക്കയറ്റം മുഖാന്തിരവും നിയമനം നൽകി നികത്തേണ്ടതാണ്. മേൽപറഞ്ഞ അനുപാതം നിശ്ചയിക്കേണ്ടത് ആകെ അംഗബലത്തിൽ അഥവാ കേഡർ സ്ട്രെങ്ങതിൽ ആയിരിക്കണമെന്ന് പരാമർശം (2) പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ടി നിർദ്ദേശം പാലിച്ച് ഡി.ടി.പി.ഒ ട്രേഡിലെ ഇൻസ്ട്രക്ടർമാരുടെ കേഡർ സ്ടെങ്ങ്ത് പരിശോധിച്ചതിൽ നിലവിലുള്ള ഒഴിവുകളിൽ മൂന്നെണ്ണം സ്ഥാനക്കയറ്റം മുഖേന നികത്തേണ്ടതാണെന്ന് കാണുന്നു. പരാമർശം (3) പ്രകാരമുള്ള വർക്ക്ഷോപ്പ് അറ്റൻഡർ ഗ്രഡേഷൻ ലിസ്റ്റ് പരിശോധിച്ചതിൽ ഒരാൾ മാത്രമേ ഡി.റ്റി.പി.ഒ ട്രേഡിൽ സേവനമനുഷ്ഠിക്കുന്നുള്ളു. അടുത്ത സ്ഥാനക്കയറ്റം അനുവദിക്കേണ്ടത് താഴെപ്പറയുന്ന വർക്ക്ഷോപ്പ് അറ്റൻഡറിനാണ് എന്ന് കാണുന്നു.

| പേര്, തസ്തിക ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥാപനം | യോഗ്യത | Date of Probation |
|---|---|---|
| ശ്രീമതി.എൽ.ബീജ, ഐ.ടി.ഐ (വനിത) കഴക്കൂട്ടം | SSLC, B.Com Degree, STC in DTPO | 31.03.2011 FN |

ശ്രീമതി.ബീജ.എൽ, വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിൽ പ്രബേഷൻ പൂർത്തിയാക്കിയിട്ടുള്ളതിനാലും പരാമർശം (4) ലെ സർക്കാർ ഉത്തരവ് പ്രകാരം ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ സ്ഥാനക്കറ്റത്തിനാവശ്യമായ യോഗ്യതയുള്ളതിനാലും ശ്രീമതി.എൽ.ബീജയ്ക്ക് കേരള സംസ്ഥാന കീഴുദ്യോഗസ്ഥ സേവന വ്യവസ്ഥകളിലെ ചട്ടം 9 എ(1) അനുസരിച്ച് 13900-24040 രൂപ ശമ്പള നിരക്കിൽ ഡി.ടി.പി.ഒ ട്രേഡിൽ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ താത്ക്കാലികമായി ഉദ്യോഗക്കയറ്റം നൽകി കഴക്കൂട്ടം (വനിത) ഐ.ടി.ഐ യിൽ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ നിയമിച്ച് ഉത്തരവാകുന്നു. ടിയാൾ സേവനത്തിൽ പ്രവേശിക്കുന്ന തീയതി ബന്ധപ്പെട്ട ഐ.ടി.ഐ പ്രിൻസിപ്പാൾ ഈ ആഫീസിൽ അറിയിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ

സ്വീകർത്താവ്

ബന്ധപ്പെട്ട ഉദ്യോഗസ്ഥയ്ക്ക്

കോപ്പി:-
1. പ്രിൻസിപ്പാൾ ഐ.ടി.ഐ (വനിത) കഴക്കൂട്ടം
2. ഡി.റ്റി/എ.ഡി.റ്റി/ജെ.ഡി.റ്റി(സിഎ)
3. എസ്.എസ് (എ)
4. എസ്.എഫ് (എ2)
5. വകുപ്പ് വെബ്സൈറ്റ്

R/18/2/15